246(2354) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാ സഹായം

ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായം അനുവദിച്ച് ഉത്തരവ് ഉണ്ടായി നാളുകൾ കഴിഞ്ഞിട്ടും പണമില്ല എന്ന കാരണത്താൽ ജില്ലാ കളക്ടർ ധനസഹായം നൽകുന്നില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 1999 ജനുവരി 1-ാം തീയതി മുതൽ 29.2000 വരെ ഓരോ മാസവും ഈ ഇനത്തിൽ എന്ത് തുകയുടെ സർക്കാർ ഉത്തരവ് ഓരോ ജില്ലയിലേക്കും ഉണ്ടായിട്ടുണ്ടെന്നും അതിൽ എന്ത് തുക നാളിതുവരെ കൊടുത്തു തീർക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും ജില്ല തിരിച്ച് ഓരോ മാസത്തേയും കണക്കുകൾ വ്യക്തമാക്കുമോ;

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും പണം അനുവദിക്കുന്നതിന് ഏതെങ്കിലും വിധത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാ ധനസഹായമായി അനുവദിക്കുന്ന പരമാവധി തുക കാലോചിതമായി ഉയർത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി)വിവരം സേഖരിച്ചു വരുന്നു.

(സി) 20000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവർക്കാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാധനസഹായം നൽകുന്നത്.

(ഡി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

247 (2356) ലോക്സഭാ തെരഞ്ഞെടുപ്പിൽ ഓരോ കക്ഷിക്കും ലഭിച്ച വോട്ട്

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-ൽ നടന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് ഓരോ രാഷ്ട്രീയ കക്ഷിക്കും എത്ര വോട്ടു വീതം കിട്ടുകയുണ്ടായി;

(ബി) ഓരോ രാഷ്ട്രീയ കക്ഷിക്കും നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ എത്ര വോട്ടുകൾ വീതം കിട്ടി എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ?

ഉത്തരം

(എ)

17 സീറ്റിൽ മത്സരിച്ച ഇൻഡ്യൻ നാഷണൽ കോൺഗ്രസ് - 6019513

LIBRARY ARCHIVES Kerala Legislative Assembly